# വേൾഡ് ഫുഡ് ഇന്ത്യ 2024

# റിപ്പോർട്ട്



ഭക്ഷ്യ സംസ്കരണ മേഖലയിൽ 'വേൾഡ് ഫുഡ് ഇന്ത്യ 2024' ആഗോള വേദിയൊരുക്കി കേന്ദ്രം. 2024 സെപ്റ്റംബർ 19 മുതൽ 22 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ സംഘടിപ്പിച്ച നാലു ദിവസത്തെ പരിപാടിയിൽ 90 രാജ്യങ്ങളിൽനിന്നുള്ള പങ്കാളിത്തമാണുറപ്പാക്കിയിരുന്നത്. 'വേൾഡ് ഫുഡ് ഇന്ത്യ 2024' ൽ ഫോക്കസ് സ്റ്റേറ്റ് ആയി ശക്തമായ സാന്നിധ്യം അറിയിച്ച കേരളം, സംസ്ഥാനത്തെ പ്രതിനിധീകരിച്ച് കേരള പവലിയനും ഒരുക്കിയിരുന്നു.



കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രദർശന പരിപാടിയിൽ സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങളുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഒരുക്കിയിരുന്ന കേരള പവിലിയൻ്റെ ഉദ്ഘാടനം 2024 സെപ്റ്റംബർ 19ന് നോർക്ക വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് ഇന്റർ നാഷണൽ ചെയർമാനുമായ ശ്രീ. എം.എ. യൂസഫലി നിർവഹിച്ചു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെബിപ്പ്) നേതൃത്വത്തിൽ ഒരുക്കിയ കേരള പവലിയനിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ (എംഎസ്എംഇ) മേഖലയിൽ നിന്നുമുള്ള 23 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് പങ്കെടുത്തത്. അതിൽ 8 യൂണിറ്റുകൾ പിഎംഎഫ്എംഇ പദ്ധതിയുടെ ഗുണഭോക്താക്കളാണ് എന്നത് കൃത്യമായ ആസൂത്രണത്തിന്റെ നേർകാഴ്ചയായി.

അരിപ്പൊടി, മസാലപ്പൊടി, തേങ്ങ അധിഷ്ഠിത ഉത്പന്നങ്ങൾ, ചക്ക അധിഷ്ഠിത ഉത്പന്നങ്ങൾ, വിവിധയിനം അച്ചാറുകൾ, വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, പൈനാപ്പിൾ, വാഴപ്പഴം, പപ്പായ, നെല്ലിക്ക, എന്നിവയുടെ സ്ക്വാഷുകളും അച്ചാറുകളും മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങളും, ഫ്രൂട്ട് പൾപ്പും തേനും അടിസ്ഥാനമാക്കിയുള്ള രോഗപ്രതിരോധ ബൂസ്റ്ററുകൾ, പ്രത്യേകം സംസ്കരണം ചെയ്തെടുത്ത പഴങ്ങൾ, പച്ചക്കറികൾ, ചോക്ലേറ്റ് പാക്കിംഗ് കണ്ടെയ്നറുകൾ, ഡ്രൈ ഫ്രൂട്ട്സ് പാക്കിംഗ് കണ്ടെയ്നറുകൾ, കേക്ക് ബോക്സ്, കേക്ക് മിക്സുകൾ, ഫില്ലിംഗുകൾ തുടങ്ങി വൈവിധ്യമേറിയതും കേരളത്തിന്റെ തനിമ വിളിച്ചോതുന്നതുമായ 23 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ഉത്പന്ന പ്രദർശന വിപണനങ്ങൾ കേരള പവലിയന്റെ മാറ്റ് കൂട്ടി.